മഞ്ചേരി മെഡിക്കൽ കോളേജിലെ അടിസ്ഥാന സൗകര്യങ്ങൾ

88 (6793) ശ്രീ. എളമരം കരീം :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ മേഖലയിൽ പുതുതായി ആരംഭിച്ച മഞ്ചേരി മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതകാരണം വിദ്യാർത്ഥി പ്രവേശനം തടഞ്ഞിട്ടുണ്ടോ ;

(ബി) നിലവിലുള്ള ജില്ലാ ആശുപത്രികളെ മെഡിക്കൽ കോളേജുകളാക്കാൻ നയപരമായ തീരുമാനമെടുത്തിട്ടുണ്ടോ ;

(സി) മഞ്ചേരി ജില്ലാ ആശുപത്രിയെ മെഡിക്കൽ കോളേജായി ഉയർത്തിയതിന്റെ ഭാഗമായി നടത്തിയ വികസന പ്രവർത്തനത്തിന്റെ വിശദാംശം അറിയിക്കാമോ ?

ഉത്തരം

(എ) മഞ്ചേരി മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കാരണം വിദ്യാർത്ഥി പ്രവേശനം തടഞ്ഞിട്ടില്ല.

(ബി) മഞ്ചേരി ജനറൽ ആശുപത്രിയെയും ഇടുക്കി ജില്ലാ ആശുപത്രിയെയും അതാതിടങ്ങളിലെ മെഡിക്കൽ കോളേജുകളുടെ ഭാഗമായി നിശ്ചയിച്ചിട്ടുണ്ട്.

(സി) മഞ്ചേരി ജനറൽ ആശുപത്രിയിൽ നിലവിലുള്ള ഒ.പി. സംവിധാനം മെഡിക്കൽ കോളേജ് ആശുപത്രിയുടെ ആവശ്യാനുസരണം രൂപപ്പെടുത്തി പ്രവർത്തനം ആരംഭിക്കുകയും ഐ.പി., ഒ.പി., കാഷ്വാലിറ്റി രജിസ്ട്രേഷനുകളും അഡ്മിഷനുകളും മെഡിക്കൽ ലൈബ്രറിയും കമ്പ്യൂട്ടർവത്ക്കരിച്ചിട്ടുമുണ്ട്. ഐ.സി.യു, ഐ.സി.സി.യു, എസ്.എൻ.സി.യു എന്നിവിടങ്ങളിലേക്ക് സെൻട്രലൈസ്ഡ് ഓക്സിജൻ സിലിണ്ടറുകളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. അത്യാഹിത വിഭാഗത്തിൽ വിവിധ വകുപ്പുകൾക്ക് വെവ്വേറെ സ്ഥലങ്ങൾ ഏർപ്പെടുത്തുകയും എല്ലാ ക്ലിനിക്കൽ ഡിപ്പാർട്ടുമെന്റുകൾക്കും ഓഫീസ് റൂമുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ആശുപത്രിയിൽ എസ്.എൻ.സി.യു. പ്രവർത്തന സജ്ജമാക്കുകയും എം.ആർ.എൽ കൂടുതൽ സൗകര്യങ്ങളോടെ താഴത്തെ നിലയിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. 95 ലക്ഷം രൂപ ചെലവാക്കി മഞ്ചേരി ആശുപത്രിയിൽ നിലവിലുണ്ടായിരുന്ന പഴയ ബ്ലോക്കിൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആവശ്യമായ ക്ലിനിക്കൽ, ലക്ചർ ഹാളുകളും സെമിനാർ ഹാളുകളും അനുബന്ധ ഓഫീസുകളും തയ്യാറാക്കിവരുന്നുണ്ട്. ജനറൽ ആശുപത്രിയിൽ ജോലിചെയ്തുവരുന്ന മുഴുവൻ ഡോക്ടർമാരോടും

LIBRARY ARCHIVES Kerala Legislative Assembly

ഡീംഡ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ സേവനം അനുഷ്ഠിക്കുന്നതിനായി അവരുടെ സമ്മതം ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിലുള്ള പാത്തോളജി, മൈക്രോബയോളജി സൗകര്യങ്ങൾ ഉൾപ്പെടുത്തി സെൻട്രൽ ക്ലിനിക്കൽ ലബോറട്ടറി തയ്യാറാക്കിയിട്ടുണ്ട്.

മെഡിക്കൽ കോളേജ് ആശുപത്രിയിൽ തീയേറ്റർ കമ്മിറ്റി രൂപീകരിച്ച് ഓപ്പറേഷൻ തീയറ്ററിന്റെ പ്രവർത്തനം ഏകോപിപ്പിച്ചിട്ടുണ്ട്. കൂടാതെ ആശുപത്രിയിലെ ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കോർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

കൊല്ലത്ത് മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് നടപടി

89 (6794) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലത്ത് ഗവൺമെന്റ് മെഡിക്കൽ കോളേജ് ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചത് നടപ്പിലാക്കുമോ ;

(ബി) 2012-13-ൽ കൊല്ലം ജില്ലാ ആശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തുമെന്നും 2013-14-ൽ മെഡിക്കൽ കോളേജ് അനുവദിക്കാമെന്നുമുള്ള വാഗ്ദാനം എന്തുകൊണ്ടാണ് നടപ്പിലാക്കാതിരുന്നതെന്ന് വിശദമാക്കുമോ ;

(സി) കൊല്ലത്ത് പ്രവർത്തിച്ചിരുന്ന നാഷണൽ ടെക്സ്റ്റയിൽ കോർപ്പറേഷന്റെ ഭൂമി കേന്ദ്ര ഗവൺമെന്റിൽനിന്നും സംസ്ഥാനം ഏറ്റെടുത്ത് അതിലൊരു ഭാഗം ജില്ലാ ആശുപത്രിയോടനുബന്ധിച്ച് മെഡിക്കൽ കോളേജ് ആരംഭിക്കണമെന്നും അവശേഷിക്കുന്ന തൊഴിലാളികൾക്ക് കോമ്പൻസേഷൻ കൊടുക്കണമെന്നും ആവശ്യപ്പെട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ള നിവേദനം അംഗീകരിക്കുമോ ; വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചു ;

(ഡി) ജില്ലാ പഞ്ചായത്ത് നിർദ്ദേശിച്ച സ്ഥലം മെഡിക്കൽ കോളേജ് ആരംഭിക്കാൻ ഉപയോഗിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

മെഡിക്കൽ കോളേജുകളിലെ പുറംകരാർ പ്രവർത്തനങ്ങൾ

90 (6795) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ ഏതെല്ലാം വിഭാഗങ്ങൾ മുഖേന നടപ്പാക്കുന്ന പ്രവർത്തനങ്ങളാണ് പുറംകരാർവഴി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത് ; വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly